# ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ താണിരിപ്പിൻ

1 പത്രോസ് 5:6

“അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ”

‘ഉയർച്ച’ എല്ലാ മനുഷ്യരും ആഗ്രഹിക്കുന്ന ഒരു കാര്യമാകുന്നു. സമൂഹത്തിൽ ആദരിക്കപ്പെടുക, അംഗീകരിക്കപ്പെടുക എന്നൊക്കെയുള്ളത് മനുഷ്യന്റെ ഉൾത്തടത്തിൽ നിറഞ്ഞുനിൽക്കുന്ന ഒരു താൽപര്യമാണ്. ഉപാധികൾ ഏതായാലും അംഗീകാരവും ഉയർച്ചയും ജീവിതത്തിലെ പരമപ്രധാനമായ ഒരു ലക്ഷ്യംതന്നെ ആകുന്നു. എന്നാൽ ആഗ്രഹിക്കുന്നപോലെ പലപ്പോഴും ഉന്നതി കൈവരിക്കാൻ കഴിഞ്ഞില്ലെന്നു വരാം. ചിലർ ഉന്നതിയുടെ ഉച്ചകോടിയിൽനിന്ന് പെട്ടെന്ന് നിലംപതിക്കുന്നതായും കാണുന്നു. ഇതൊക്കെ സമൂഹത്തിൽ സാധാരണമായി കാണുന്ന കാഴ്ചകൾ മാത്രം.

ആത്മീക മണ്ഡലത്തിലും ഉയർച്ചയ്ക്കായി പ്രയത്നിക്കുന്ന കാഴ്ചയും ഒട്ടും കുറവല്ല. എന്നാൽ ഇതിന്റെയൊക്കെ മദ്ധ്യത്തിലും ഒരു ദൈവഭക്തൻ മറന്നുപോകാതെ പിന്തുടരേണ്ട വലിയ പാഠമാണ് പ്രസ്തുത വചനത്തിലൂടെ നമുക്ക് ലഭിക്കുന്നത്. മത്തായി 23:12 ൽ പറയുന്നു “തന്നെത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും”. യേശു കർത്താവ് പഠിപ്പിച്ച ഈ വചനത്തോട് ചേർന്നു നിന്നുകൊണ്ട് പത്രോസ് അപ്പോസ്തോലനും വ്യക്തമാക്കിത്തരുന്നു. “തക്കസമയത്ത് ഉയർത്തപ്പെടാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിക്കണം.”

ദൈവത്താൽ ഉയർത്തപ്പെട്ട അനേക വ്യക്തികളെ ദൈവവചനത്തിൽ നമുക്ക് കാണാം. അവരൊക്കെ സ്വയപരിശ്രമങ്ങളോ, പദ്ധതികളോ ആവിഷ്ക്കരിച്ചല്ല ദൈവീക പദ്ധതിപ്രകാരം മാത്രം ഉയർച്ച കൈവരിച്ചവരാണ്. തകർത്തു കളയുവാനും നിരാശപ്പെടുത്തുവാനും ശ്രമിച്ച സകല പ്രതികൂല വ്യക്തികളേയും തമ്പുരാൻ കൈകാര്യം ചെയ്തു. ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ താണിരുന്നാൽ തക്കസമയത്ത് ഉയർത്തപ്പെടും എന്നുള്ളതിന് ഇവരൊക്കെ ദൃഷ്ടാന്തങ്ങളായി.

1 ശമുവേലിന്റെ പുസ്തകത്തിൽ നാം കാണുന്ന ഹന്ന, ശമുവേൽ പ്രവാചകന്റെ മാതാവായ ഹന്ന, ജവിതത്തിലുണ്ടായ താഴ്ച മാറ്റി ദൈവം അവൾക്ക് ഒരു മകനെ നല്കി. അപ്പോൾ ഹന്ന പാടി “എന്റെ കൊമ്പ് യഹോവയാൽ ഉയർന്നിരിക്കുന്നു” (1 ശമു 2:1). യാക്കോബിന്റെ ഭാര്യമാരിൽ ഒരുവളായ ലേയയെ നമുക്ക് സുപരിചിതം തന്നെ. പിതാവിന്റെ മൂത്തപുത്രിയെങ്കിലും സൗന്ദര്യമില്ലാത്തവളായതുകൊണ്ടു വിവാഹത്തിനുള്ള ഒരു

സാധ്യതയും അവൾക്കില്ലായിരുന്നു. സുന്ദരിയും മനോഹര രൂപിണിയുമായ തന്റെ അനുജത്തി റാഹേലുമായി യാക്കോബ് വിവാഹത്തിന് ഒരുങ്ങി. എന്നാൽ ഉപായ മാർഗ്ഗത്തിലാണെങ്കിലും അവളുടെ വിവാഹം ആദ്യം നടന്നു. യാക്കോബിനുവേണ്ടി ആദ്യജാതനു ജന്മം കൊടുക്കാൻ അവൾക്കു കഴിഞ്ഞു. ദൈവീക ശുശ്രൂഷയ്ക്കും ലോക രക്ഷകനായ യേശുക്രിസ്തുവിന്റെ വംശാവലി പട്ടികയിലേക്കും ലേയയുടെ ഗോത്രത്തിൽ നിന്ന് തിരഞ്ഞെടുപ്പ് ലഭിച്ചു. സ്വന്തം ഭർത്താവ് പോലും അവഗണിക്കുകയും വേർതിരിവ് കാണിക്കുകയും ചെയ്തപ്പോഴും യാക്കോബിന്റെ പിതൃഭവനത്തിലേക്ക് വരുകയും പിതാക്കന്മാരോടൊപ്പം മക്പേല ഗുഹയിൽ അടക്കപ്പെടുവാനും ലേയയ്ക്ക് മാത്രമാണ് ഭാഗ്യം ലഭിച്ചത്. ദാവീദിന്റെ ജീവിതത്തിൽ നോക്കിയാൽ ഏറെ പാഠങ്ങൾ നമുക്ക് കാണാം. കാട്ടിൽ ആടുകളെ മേയിക്കാനല്ലാതെ യാതൊന്നിനും കൊള്ളാത്തവനായിട്ട്, സ്വന്തം മാതാപിതാക്കൾ പോലും തള്ളിക്കളഞ്ഞു. എന്നാൽ സഹോദരങ്ങളിൽ ഏറ്റവും ചെറിയവനായ ദാവീദിന് ദൈവത്താലുള്ള അഭിഷേകം ലഭിച്ചു, യിസ്രായേലിന്റെ രാജ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ജീവിതത്തിൽ നേരിടുന്ന നിന്ദകളുടെയും പരിഹാസങ്ങളുടേയും മുമ്പിൽ പരിഭവിക്കാതെ ഹന്നയെപ്പോലെ ദൈവസന്നിധിയിൽ താണിരിപ്പാൻ നമുക്കും പഠിക്കാം. പ്രാർത്ഥനയ്ക്ക് മറുപടി വൈകിയാലും, തക്കസമയത്ത് തികച്ചും ശ്രേഷ്ഠവും മാന്യവുമായ ഒരു പദവി നൽകി നമ്മെ അനുഗ്രഹിക്കാൻ കർത്താവ് മതിയായവനെന്ന് ഹന്നായുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. മനുഷ്യൻ നോക്കുമ്പോൾ സൗന്ദര്യത്തിന്റെയോ, വിദ്യാഭ്യാസത്തിന്റെയോ, കാര്യപ്രാപ്തിയുടെയോ, കഴിവുകളുടെയോ കുറവുകൊണ്ട് അവഗണിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ, ദൈവപൈതലേ നീ നിരാശപ്പെടേണ്ട, ലേയയെ മാനിച്ചവൻ നമ്മുടെയും കൂടെയുണ്ട്. ജീവിതത്തിന്റെ സമസ്തമേഖലകളിലും ദൈവീകകരുതലും പരിഗണനയും തന്ന് അവൻ നമ്മെ ഉയർത്തി അനുഗ്രഹിക്കും. താഴ്ചയുടെ കാലം ഒരു നിശ്ചിത പരിധിക്കപ്പുറം പോകില്ല എന്ന് ദാവീദിന്റെ ജീവിതം നമുക്ക് കാണിച്ചു തരുന്നു. ആയിരുന്ന സ്ഥാനത്തെല്ലാം ദൈവത്തിൽ ആശ്രയിച്ചും, ബലപ്പെട്ടും വിശ്വസ്ഥതയോടെ ഒരു പരിഭവവുമില്ലാതെ ദാവീദ് മുന്നോട്ട് പോയപ്പോൾ ദൈവഹിതപ്രകാരം തക്കസമയത്ത് ഉയർത്തിയ തമ്പുരാന്റെ പ്രവൃത്തി നമുക്ക് അവനിൽ കാണാം.

പ്രിയ ദൈവമക്കളേ, ഓരോ മനുഷ്യരെയും കുറിച്ചുള്ള ദൈവീകപദ്ധതി വ്യത്യസ്തമാണ്. എന്നാൽ അവൻ ആഗ്രഹിക്കുന്നതുപോലെ ഉപയോഗിക്കപ്പെടുവാനും, അനുഗ്രഹിക്കപ്പെടുവാനും ദൈവകരങ്ങളിൽ നമ്മെ സമർപ്പിച്ച് കാത്തിരിക്കുക എന്നതാണ് വചനത്തിലൂടെ നമുക്ക് തരുന്ന ആഹ്വാനം. സ്വയം ഉയരുവാനും പേരെടുക്കുവാനും നടത്തുന്ന ശ്രമങ്ങളൊന്നും, അത് ഏത് മേഖലയിലായാലും ഫലപ്രദമാകുകയില്ല. ദൈവ മക്കളെ സംബന്ധിച്ച് ദൈവം ഉദ്ദേശിക്കുന്ന കാര്യങ്ങൾ മാത്രമേ നടപ്പിലാകുകയുള്ളു.

ദൈവഹിതപ്രകാരം നാമും, നമ്മുടെ തലമുറകളും, പ്രാർത്ഥനകളും, ആഗ്രഹങ്ങളും മാനിക്കപ്പെടുവാനും, കർത്താവിനാൽ ഉയർച്ച പ്രാപിക്കുവാനും ദൈവകരങ്ങളിൽ നമുക്ക് കൊടുക്കാം. ഹന്നായുടെയും, ലേയയുടെയും, ദാവീദിന്റെയും ദൈവം നമ്മുടെയും ദൈവം ആകുന്നു. ആ കർത്താവ് നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം:**

2 ദിനവൃത്താന്തം 33:12,13

കഷ്ടത്തിൽ ആയപ്പോൾ അവൻ തന്റെ ദൈവമായ യഹോവയോടു അപേക്ഷിച്ചു. തന്റെ പിതാക്കന്മാരുടെ ദൈവത്തിന്റെ മുമ്പിൽ തന്നെത്താൻ ഏറ്റവും താഴ്ത്തി അവനോടു പ്രാർത്ഥിച്ചു. അവൻ അവന്റെ പ്രാർത്ഥന കൈക്കൊണ്ടു അവന്റെ യാചന കേട്ടു അവനെ വീണ്ടും യെരൂശലേമിൽ അവന്റെ രാജത്വത്തിന്നു തിരിച്ചു വരുത്തി; യഹോവതന്നേ ദൈവം എന്നു മനശ്ശെക്കു ബോധമായി.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 131**